# 'ഗ്വാണ്ടനാമോ അമേരിക്കയുടെ അപമാന മുദ്ര'

*അൽജസീറ* ചാനലിന്റെ ഫോട്ടോഗ്രാഫർ സാമി അൽഹാജിനെ പാക് അതിർത്തിയിൽ വെച്ച് അകാരണമായി പിടികൂടി ഗ്വാണ്ടനാമോ തടവറയിലേക്ക് അയച്ചതിനെ കുറിച്ച് ഈ കോളത്തിൽ നേരത്തെ എഴുതിയിരുന്നു. ആറു വർഷം ഒട്ടുവളരെ പീഡനപർവങ്ങൾ താണ്ടിയ സാമിയെയും മറ്റു രണ്ട് സുഡാനീ പൗരന്മാരെയും മെയ് 2-ന് അമേരിക്കൻ ഭരണകൂടം മോചിപ്പിച്ചു. ജയിലധികൃതരുടെ മനുഷ്യത്വം തൊട്ടു തെറിച്ചിട്ടില്ലാത്ത പെരുമാറ്റത്തിൽ പ്രതിഷേധിച്ച് ഏതാണ്ട് ഒരു വർഷമായി സാമി നിരാഹാര സമരത്തിലായിരുന്നു. സുഡാനിൽ തിരിച്ചെത്തിയ ഉടനെ സാമിയെ ആശുപത്രിയിലേക്കാണ് കൊണ്ടുപോയത്. ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. സാമിയുമായി *ഇസ്‌ലാം ഓൺലൈൻ* നെറ്റ് നടത്തിയ അഭിമുഖം.



*സാമി അൽഹാജ്*

*ഗ്വാണ്ടനാമോ അനുഭവത്തെക്കുറിച്ച്?*

അമേരിക്കൻ ഭരണകൂടത്തിന്റെ മുഖത്തുകുത്തിയ അപമാന മുദ്രയാണിത്. ഗ്വാണ്ടനാമോയിൽ നടന്നതത്രയും ആരെയും ഞെട്ടിക്കാൻ പോന്നത്ര ഭീകരമാണ്. അമേരിക്ക സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും നാടാണെന്നായിരുന്നു ഞങ്ങൾ കരുതിയത്. ഞങ്ങൾ കണ്ടതോ, ഗ്വാണ്ടനാമോ. ചരിത്രത്തിന്റെ കറുത്ത താളുകളിലാണ് അതിന്റെ സ്ഥാനം. എനിക്ക് അമേരിക്കയോട് വ്യക്തിപരമായി ശത്രുതയില്ല. ബുഷിന്റെ ഭരണകൂടമാണ് ഇതിനൊക്കെയും ഉത്തരവാദി. കാമറ കൊണ്ട് സത്യം വിളിച്ചുപറയുന്ന മാധ്യമപ്രവർത്തകനായി എന്നതു മാത്രമാണ് എന്റെ 'കുറ്റം'. യു.എസ് ഭരണകൂടത്തിൽനിന്ന് ഞാനിത് തീരെ പ്രതീക്ഷിച്ചില്ല.

*താങ്കൾ നിരാഹാര സമരത്തിലായിരുന്നല്ലോ. ആരോഗ്യനില?*

അൽഹംദുലില്ലാ, തൃപ്തികരമാണ്. എല്ലാ സ്വാതന്ത്ര്യവും ഞങ്ങളിൽനിന്ന് എടുത്തുമാറ്റിയിരുന്നു. അഭിപ്രായം പറയാനും ആരാധന നടത്താനുമുള്ള സ്വാതന്ത്ര്യം വരെ. മതത്തിന്റെ പേരിൽ ഞങ്ങളെ അധിക്ഷേപിച്ചു, അപമാനിച്ചു. അക്കൂട്ടത്തിൽ ഞങ്ങളുടെ ആരോഗ്യപ്രശ്നങ്ങളും അവർ മനഃപൂർവം അവഗണിച്ചു.

*ഗ്വാണ്ടനാമോയിലെ ഏക മാധ്യമ പ്രവർത്തകനാണല്ലോ താങ്കൾ? അമേരിക്കൻ ജനതയോട് എന്താണ് പറയാനുള്ളത്?*

അമേരിക്കൻ ജനതയെയും അവരുടെ അഭിപ്രായങ്ങളെയും ഞാൻ ആദരിക്കുന്നു. ബുഷ് ഭരണകൂടമാണ് ഇറാഖിലെയും അഫ്ഗാനിലെയും സോമാലിയയിലെയും പ്രശ്നങ്ങൾക്കു കാരണം. തെരഞ്ഞെടുപ്പിൽ അമേരിക്കൻ ജനത പ്രസിഡന്റ് സ്ഥാനത്ത് അർഹതയുള്ള വ്യക്തിയെ അവരോധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

നോക്കൂ, സമാധാനത്തെക്കുറിച്ചാണ് ബുഷ് ഭരണകൂടം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഹാജ് ഫൈദുല്ല ചെയ്ത കുറ്റമെന്താണ്? നൂറ്റിപ്പത്തു വയസ്സായ പടുവൃദ്ധൻ. അദ്ദേഹവുമുണ്ടായിരുന്നു ഗ്വാണ്ടനാമോയിൽ! അദ്ദേഹമാണോ അമേരിക്കക്ക് ഭീഷണി? പതിമൂന്ന് വയസ്സുള്ള അഫ്ഗാനി പയ്യനാണ് മുഹമ്മദ് ജാവേദ്. അവൻ ചെയ്ത കുറ്റമെന്ത്? ഭീകരമായൊരു തിന്മയാണ് ഗ്വാണ്ടനാമോ. കാലമത് തെളിയിക്കും.

*ഫോട്ടോഗ്രാഫറായി ജോലിയിൽ തിരിച്ചുവരുമെന്ന് പ്രതീക്ഷിക്കട്ടെ?*

നന്ദി, എല്ലാവർക്കും. അമേരിക്കയിലെയും മധ്യ പൗരസ്ത്യ ദേശത്തെയും ധാരാളം പേർ എന്റെ മോചനത്തിനായി ശബ്ദിച്ചിട്ടുണ്ട്. പ്രത്യേകിച്ച് നിയമസഹായം നൽകിയ സെന്റർ ഫോർ കോൺസ്റ്റിറ്റ്യൂഷനൽ റൈറ്റ്സ്. അമേരിക്കൻ മാധ്യമപ്രവർത്തകരും എനിക്കുവേണ്ടി എഴുതി. എല്ലാവർക്കും നന്ദി. ■

## മൗലാനാ ജലാലുദ്ദീൻ ഉമരിയുടെ സൈറ്റ്


**പ്രമുഖ** ഇസ്‌ലാമിക പണ്ഡിതനും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അധ്യക്ഷനുമായ മൗലാനാ സയ്യിദ് ജലാലുദ്ദീൻ അൻസ്വർ ഉമരിയുടെ വൈജ്ഞാനിക സേവനങ്ങളെ പരിചയപ്പെടുത്തുന്ന ഇന്റർനെറ്റ് സൈറ്റിന് തുടക്കമായി (www.jalaluddinumari.com). ഇംഗ്ലീഷും ഉർദുവുമാണ് ഭാഷ. ഉർദുവിൽ മൗലാനാ രചിച്ച പുസ്തകങ്ങളും പഠനങ്ങളും ഉൾപ്പെടുത്തി ഗവേഷകർക്ക് ഒരു ആധികാരിക റഫറൻസ് സ്രോതസ്സാക്കി സൈറ്റിനെ മാറ്റുക എന്നതാണ് ലക്ഷ്യം.

ദൽഹിയിലെ ജമാഅത്ത് ആസ്ഥാനത്ത് ചേർന്ന ലളിതമായ ചടങ്ങിൽ കേന്ദ്ര മന്ത്രി ഡോ. ശക്കീൽ അഹ്മദാണ് സൈറ്റ് ഉദ്ഘാടനം ചെയ്തത്. ഹംദർദ് യൂനിവേഴ്സിറ്റി ചാൻസലർ സയ്യിദ് ഹാമിദ്, മജ്‌ലിസെ മുശാവറ അധ്യക്ഷൻ ഡോ. സഫറുൽ ഇസ്‌ലാം ഖാൻ തുടങ്ങിയവർ സംബന്ധിച്ചു. ■

# പാശ്ചാത്യ പ്രോപഗണ്ടയുടെ നിജസ്ഥിതി

*ഗ്യാലപ്പ്* നടത്തുന്ന അഭിപ്രായ സർവേകൾക്കാണ് ഇന്നും ഏറ്റവും കൂടുതൽ വിശ്വാസ്യതയും സ്വീകാര്യതയുമുള്ളത്. ആറു വർഷം നീണ്ടുനിന്ന ഒരു അഭിപ്രായ സർവേയുടെ ഫലങ്ങൾ ഈയിടെ *ഗ്യാലപ്പ്* പുറത്ത് വിടുകയുണ്ടായി. 2001 സെപ്റ്റംബർ 11-ന് അമേരിക്കയിലെ ഇരട്ട ടവർ ആക്രമണം നടന്നതിനുശേഷം മുസ്‌ലിംലോകം എങ്ങനെ ചിന്തിക്കുന്നു എന്നാണ് അവർ അന്വേഷിച്ചത്. മുസ്‌ലിം ലോകത്ത് ഇത്ര വിപുലമായ ഒരു അഭിപ്രായ സർവേ മുമ്പ് നടന്നിട്ടുണ്ടാവില്ല. ഇതിനെ ഉപജീവിച്ചുകൊണ്ടാണ് ജോൺ എൽ. എസ്പോസിറ്റോയും ഡാലിയ മൊഗെഹെഡും ചേർന്ന് *Who Speaks for Islam? What a billion Muslims really think* എന്ന പുസ്തകമെഴുതിയത്.

മുസ്‌ലിംകളെക്കുറിച്ച് പാശ്ചാത്യ ഭരണകൂടങ്ങളും മീഡിയയും പ്രചരിപ്പിക്കുന്നതത്രയും കള്ളമാണെന്ന് സർവേ




ഫലം പരിശോധിച്ചാൽ വ്യക്തമാവും. ക്രൈസ്തവ പടിഞ്ഞാറിനോടുള്ള മുസ്‌ലിംകളുടെ അന്ധമായ പകയാണ് 'സംസ്കാരങ്ങളുടെ സംഘട്ടന'ത്തിന് നിദാനം എന്നാണ് ഒരു പ്രോപഗണ്ട. ഇറാനിലാവട്ടെ, സുഊദി അറേബ്യയിലാവട്ടെ മുസ്‌ലിംലോകത്ത് ഒരിടത്തും ഇങ്ങനെയൊരു അന്ധമായ വിദ്വേഷം നിലനിൽക്കുന്നില്ല. അവിടങ്ങളിലെ ബഹുഭൂരിപക്ഷവും പാശ്ചാത്യരുടെ ശാസ്ത്ര, സാങ്കേതിക മികവിനെ പ്രശംസിക്കുന്നവരുമാണ്. യാഥാർഥ്യം നേരെ മറിച്ചാണ്. 66 ശതമാനം അമേരിക്കക്കാർക്കും ഇസ്‌ലാമിനെക്കുറിച്ച് എന്തോ തരത്തിലുള്ള മുൻവിധികളുണ്ടെന്നാണ് സർവേയിലൂടെ തെളിഞ്ഞിട്ടുള്ളത്.

സ്ത്രീകൾക്ക് തുല്യാവകാശം നൽകുന്നില്ല എന്നാണല്ലോ മറ്റൊരു ആരോപണം. ഇന്തോനേഷ്യക്കാരിൽ 94 ശതമാനവും സ്ത്രീക്ക് പുരുഷനെപ്പോലെ തുല്യാവകാശമുണ്ട് എന്ന് വിശ്വസിക്കുന്നവരാണ്. ഇറാൻ (89 ശതമാനം) മാത്രമല്ല സുഊദി അറേബ്യ(73 ശതമാനം)യും ഇക്കാര്യത്തിൽ ഒട്ടും പിറകിലല്ല. സ്ത്രീകൾക്ക് പുറത്തുപോയി ജോലി ചെയ്യാമെന്ന് കരുതുന്നവർക്കാണ് സുഊദിയിൽ വരെ ഭൂരിപക്ഷം- 78 ശതമാനം.

പാശ്ചാത്യ നാടുകളിൽ നടക്കുന്ന ഭീകരപ്രവർത്തനങ്ങളോട് മുസ്‌ലിം പൊതുസമൂഹത്തിന് അനുഭാവമുണ്ട് എന്ന പ്രചാരണത്തിന്റെ പൊള്ളത്തരവും സർവേ തുറന്നു കാട്ടുന്നു. സുഊദിയിൽ അത്തരം അനുഭാവമുള്ളവർ നാലു ശതമാനം മാത്രമാണ്. ഇറാനിലും ലബനാനിലും രണ്ടു ശതമാനവും. ഭീകരപ്രവർത്തനങ്ങൾക്ക് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ലെന്ന് ബഹുഭൂരിപക്ഷവും പ്രമാണങ്ങൾ ഉദ്ധരിച്ച് സമർഥിച്ചു.

35 മുസ്‌ലിം രാജ്യങ്ങളിലാണ് സർവേ നടന്നത്. അരലക്ഷം പേരുമായി അഭിമുഖം നടത്തി. സ്വന്തം ഉടുതുണി അഴിയുന്ന കാര്യമായതിനാൽ പാശ്ചാത്യ മീഡിയ ഈ *ഗ്യാലപ്പ്* ഫലങ്ങൾ കണ്ടില്ലെന്ന് നടിച്ചു. ■

## ഉലമാ മീറ്റ്

**ജമാഅത്തെ** ഇസ്‌ലാമി കിഴക്കൻ ഉത്തർ പ്രദേശ് ഘടകം കഴിഞ്ഞ മാർച്ച് മാസം പുതുമയുള്ള ഒരു പരിപാടി സംഘടിപ്പിച്ചു. ഒരാഴ്ച നീണ്ട പരിപാടി ഇസ്‌ലാമിക പണ്ഡിതന്മാരെ (ഉലമാ) കേന്ദ്രീകരിച്ചുള്ളതായിരുന്നു. ഇലാഹാബാദ്, ബനാറസ്, അഅ്സംഗഡ്, ഗൊരഖ്പൂർ തുടങ്ങിയ കിഴക്കൻ യു.പിയിലെ പ്രധാന നഗരങ്ങൾ സന്ദർശിച്ച് ജമാഅത്ത് പ്രതിനിധി സംഘം അവിടത്തെ പണ്ഡിതന്മാരുമായും മതപാഠശാലകളിലെ അധ്യാപകരുമായും വിദ്യാർഥികളുമായും ആശയവിനിയമം നടത്തി. സമുദായം നേരിടുന്ന പ്രശ്നങ്ങളിൽ അവരുടെ അഭിപ്രായം ആരാഞ്ഞു. അഞ്ചു സ്ഥലങ്ങളിൽ ഉലമാ കോൺഫറൻസ് സംഘടിപ്പിച്ചു. അഞ്ഞൂറോളം പണ്ഡിതന്മാർ കോൺഫറൻസുകളിൽ പങ്കെടുത്തു. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി മുഹമ്മദ് റഫീഖ് ഖാസിമി, ഹൽഖാ അമീർ വലിയ്യുല്ലാ സഊദി നദ്‌വി തുടങ്ങിയവർ നേതൃത്വം നൽകി. ■